# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 9

# വാർത്താക്കുറിപ്പ്

## ഓഫ് കാമ്പസ്; റ്റി.സി, സി.സി., മാർക് ലിസ്റ്റുകൾ തപാലിൽ ലഭിക്കും

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ ഓഫ് ക്യാംപസ് സ്ട്രീമിൽ പഠിച്ച വിദ്യാർഥികൾക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, 2018 വരെയുള്ള പരീക്ഷകളുടെ മാർക് ലിസ്റ്റുകൾ എന്നിവ തപാൽ വഴി ലഭിക്കും. sde.documents@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. വിശദവിവരത്തിന് ഫോൺ: 0481 2730491.

(പി.ആർ.ഒ/39/710/2020)

## പരീക്ഷാഫലം

2019 ഒക്ടോബറിൽ നടന്ന ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2015 അഡ്മിഷൻ റഗുലർ, 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/711/2020)

2019 ഡിസംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഇലക്ട്രോണിക്സ് (സപ്ലിമെന്ററി - അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ് - 2013 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/712/2020)

## സെനറ്റ് തെരഞ്ഞെടുപ്പ്; വിജയികൾ

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലെ മുനിസിപ്പൽ കോർപ്പറേഷൻ മേയർ, നഗരസഭ ചെയർമാൻ, പഞ്ചായത്ത് പ്രസിഡന്റ് എന്നീ മണ്ഡലങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ തൃപ്പൂണിത്തുറ നഗരസഭ ചെയർപേഴ്സൺ ചന്ദ്രികദേവി, കോട്ടയം നഗരസഭ ചെയർപേഴ്സൺ ഡോ. പി.ആർ. സോന, കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വി. സുനിൽ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടതായി റിട്ടേണിംഗ് ഓഫീസർ അറിയിച്ചു.

(പി.ആർ.ഒ/39/713/2020)

## സീറ്റ് വർധന; കോളേജുകൾക്ക് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്ത ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് മാർജിനൽ വർധനയ്ക്കുശേഷവും സീറ്റുകൾ ആവശ്യമെങ്കിൽ സർക്കാർ ഉത്തരവ് പ്രകാരം 2020-21 അക്കാദമിക വർഷത്തേക്ക് മാത്രം സീറ്റുകൾ അനുവദിക്കുന്നതിന് അപേക്ഷ നൽകാം. www.admission.mgu.ac.in എന്ന പൊതുപ്രവേശന പോർട്ടലിലൂടെ നിശ്ചിത ഫീസടച്ച് ജൂലൈ 18 വരെ ഓൺലൈനായി അപേക്ഷ നൽകാം. ഓൺലൈനല്ലാത്ത അപേക്ഷകൾ പരിഗണിക്കില്ല. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/714/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ